**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4394** **18-03-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി എത്തിയിട്ടില്ലാത്ത ഗ്രാമങ്ങളും വീട്ടുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ ഇനിയും വൈദ്യുതി എത്തിയിട്ടില്ലാത്ത എത്ര ഗ്രാമങ്ങളും വീട്ടുകളും നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; ഇവിടങ്ങളിൽ ഇനിയും വൈദ്യുതി എത്താത്തതിന്റെ കാരണം അറിയിക്കാമോ; വിശദമാക്കുമോ? | (എ) | **കെ.എസ്.ഇ.ബി.എൽ.**<br><br>കേരളത്തിൽ വൈദ്യുതി എത്തിയിട്ടില്ലാത്ത ഗ്രാമങ്ങൾ നിലവിലില്ല. വയറിംഗ് പൂർത്തീകരിച്ചുകൊണ്ട് വൈദ്യുതി കണക്ഷനുകൾക്കുള്ള അപേക്ഷ സമർപ്പിക്കുന്ന എല്ലാ ഉപഭോക്താക്കൾക്കും (വനം വകുപ്പിൽ നിന്നുള്ള അനുമതി/കൺസെന്റ് തർക്കം ഇല്ലാത്ത) ഇലക്ട്രിസിറ്റി സപ്ലൈ കോഡിൽ പറഞ്ഞിരിക്കുന്ന സമയപരിധി പാലിച്ചുകൊണ്ട് കെ.എസ്ഇ.ബി.എൽ. വൈദ്യുതി കണക്ഷൻ നൽകി വരുന്നു. എന്നാൽ വയറിങ് പൂർത്തീകരിക്കാത്തതോ വയറിങ് പൂർത്തീകരിച്ചിട്ടും വൈദ്യുതി കണക്ഷന് അപേക്ഷ സമർപ്പിക്കാത്തതോ ആയ വീട്ടുകളുടെ കൃത്യമായ എണ്ണം കെ.എസ്ഇ.ബി.എൽ.-ൽ ലഭ്യമല്ല എന്ന് അറിയിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ.-ൽ ലഭ്യമായ കണക്കുകൾ പ്രകാരം വൈദ്യുതി എത്തിക്കാനുള്ള നഗറുകൾ/ഗ്രിഡിന്റെ വിവരങ്ങൾ **അനുബന്ധം-1** ആയി ചേർക്കുന്നു.<br><br>**അനെർട്ട്**<br><br>കെ.എസ്.ഇ.ബി.എൽ. വഴി ഗ്രിഡ് ബന്ധിത വൈദ്യുതി എത്തിക്കാൻ സാധിക്കാത്ത കേരളത്തിലെ വിദൂര ആദിവാസി നഗറുകളിൽ വൈദ്യുതി എത്തിക്കുന്നതിന് PM JANMAN (പ്രധാനമന്ത്രി ജനജാതി ആദിവാസി ന്യായ മഹാ അഭിയാൻ), ധർതി ആബ ജനജാതീയ ഗ്രാം ഉത്കർഷ് അഭിയാൻ (DA-JGUA) എന്നീ പദ്ധതികൾ മുഖേന ലക്ഷ്യമിടുന്നു. ഈ പദ്ധതികളിൽ ഉൾപ്പെട്ട വിദൂര ആദിവാസി നഗറുകളുടെ പട്ടിക **അനുബന്ധം-2** ആയി ചേർക്കുന്നു.<br><br>ഇടുക്കി, വയനാട്, എറണാകുളം, പാലക്കാട് ജില്ലകളിലെ 24 വിദൂര ആദിവാസി ഊരുകളെ ധർതി ആബ ജനജാതിയ ഗ്രാം ഉത്കർഷ് അഭിയാൻ (DA-JGUA) എന്ന പദ്ധതി പ്രകാരവും പാലക്കാട് |

| | | | |
|---|---|---|---|
| | | | ജില്ലയിലെ തേക്കടി അല്ലിമൂപ്പൻ, തേക്കടി അല്ലിമൂപ്പൻ അക്കരെ, കുരിയാർ കുട്ടി, മലപ്പുറം ജില്ലയിലെ മഞ്ചേരി എന്നീ 4 ആദിവാസി ഊരുകൾ പ്രധാനമന്ത്രി ജൻമൻ (PM JANMAN) പദ്ധതി പ്രകാരവും വൈദ്യുതീകരിക്കാൻ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**



# വൈദ്യുതി എത്തിക്കാനുള്ള നഗറുകൾ/ഗ്രിഡിന്റ വിവരങ്ങൾ

| ജില്ല | വൈദ്യുതീകരിക്കാനുള്ള സ്ഥലം/ നഗർ | വൈദ്യുതി എത്താത്തതിന്റെ കാരണം/ വൈദ്യുതി എത്തിയ്ക്കാൻ എടുത്ത നടപടി |
|---|---|---|
| കോട്ടയം | മുണ്ടക്കയം ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ Dharti Aaba Janjatiya Gram Utkarsh Abhiyan (DA JGUA) പദ്ധതിയിൽ ഉൾപ്പെട്ട 6 വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടില്ല. | വീടുകളുടെ വയറിംഗ് പൂർത്തീകരിച്ച് പട്ടികവർഗ്ഗ വികസന ഓഫീസർ അപേക്ഷ നൽകുന്ന മുറയ്ക്ക് കണക്ഷൻ നൽകാവുന്നതാണ്. |
| എറണാകുളം | കീരമ്പാറ സെക്ഷനു കീഴിലുള്ള തേര, വാരിയം, ഉറിയംപെട്ടി എന്നീ പട്ടികവർഗ്ഗ നഗറുകളിലും കോതമംഗലം നമ്പർ 1 സെക്ഷൻ ഓഫീസിന്റെ കീഴിൽ കയറ്റുവ, തോടക്കയം മേഖലകളിലും കല്ലേലിമേട് പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ലാത്തതാണ്. വീടുകളുടെ എണ്ണം ലഭ്യമല്ല. | തേരമണ്ഡലത്തിന്റെ വൈദ്യുതീകരണത്തിനായി 4.4 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ട് ലഭ്യമാക്കാൻ പട്ടികവർഗ്ഗ വികസനവകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കല്ലേലിമേട് പ്രദേശം വൈദ്യുതീകരിക്കാൻ വനം വകുപ്പിൽ നിന്നുള്ള അനുമതി ലഭിച്ചിട്ടില്ല. വനം വകുപ്പിൽ നിന്നുള്ള അനുമതി, പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നോ മറ്റു ഏജൻസികളിൽ നിന്നോ ആവശ്യമായ ഫണ്ട്, എന്നിവ ലഭിക്കുന്ന മുറയ്ക്ക് വൈദ്യുതീകരണം നടപ്പിലാക്കാവുന്നതാണ്. വാരിയം, ഉറിയംപെട്ടി നഗറുകളിൽ സോളാർ വൈദ്യുതീകരണമാണ് നിർദ്ദേശിച്ചിരിക്കുന്നത്. |
| തൃശ്ശൂർ | തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി പഞ്ചായത്തിൽ ഉൾപ്പെട്ട പോത്തുപാറ ആദിവാസി നഗറിൽ താമസിക്കുന്ന ഇരുപത്തിയാറോളം കുടുംബങ്ങൾക്ക് വാസയോഗ്യമായ സ്ഥിരസ്വഭാവമുള്ള വീടുകൾ ഇല്ലാത്തതിനാൽ വൈദ്യുതി കണക്ഷൻ നല്കാൻ സാധിച്ചിരുന്നില്ല. പട്ടികവർഗ വകുപ്പിന്റെ പദ്ധതിപ്രകാരം ഇവിടെ സ്ഥിര വാസയോഗ്യമായ വീടുകളുടെ നിർമ്മാണം നടക്കുന്നുണ്ട്. | ഈ നഗർ വൈദ്യുതീകരിക്കുന്നതിന് 5,77,654 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പട്ടികവർഗ വകുപ്പിന് 24-02-2025-ന് കെ എസ് ഇ ബി എൽ നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നോ മറ്റു ഏജൻസികളിൽ നിന്നോ ആവശ്യമായ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് കെ എസ് ഇ ബി എൽ മുഖേന വൈദ്യുതീകരണം നടപ്പിലാക്കാവുന്നതാണ്. |
| ഇടുക്കി | അടിമാലി ഇലക്ട്രിക്കൽ ഡിവിഷനു കീഴിൽ നിബിഡ വനാന്തരങ്ങളിലുള്ള നഗറുകളിൽ ഉൾപ്പെട്ട വീടുകളിൽ (KSEBL ന്റെ കണക്കു പ്രകാരം 645 എണ്ണം) ഇനിയും വൈദ്യുതി എത്തിക്കുവാനുണ്ട്. | ഭൂപ്രകൃതിയും, വനം വകുപ്പിന്റെ അനുമതി കിട്ടാനുള്ള തടസ്സവും, വീടുകളിൽ വൈദ്യുതി എത്തിക്കുന്നതിന് തടസ്സം നിൽക്കുന്നു. വൈദ്യുതീകരണം സാധ്യമാകുന്ന സ്ഥലങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ |

| | | |
|---|---|---|
| | | സഹകരണത്തോടെ KSEBL നടപ്പിലാക്കിയ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി വൈദ്യുതീകരണം നടത്തിവരുന്നു. മാങ്ങാപ്പാറ, തായ്യണംകുടി, ആലാംപെട്ടികുടി, ചെമ്പക്കാട്ടുകുടി, പാളപെട്ടികുടി, അമ്പലപ്പടിക്കുടി, കണ്ടത്തിക്കുടി, ആണ്ടവൻകുടി എന്നീ നഗറുകളുടെ വൈദ്യുതീകരണമാണ് നടന്നു വരുന്നത്. വീടുകളുടെ വയറിംഗ് പൂർത്തീകരിച്ച് പട്ടിക വർഗ്ഗ വികസന ഓഫീസർ അപേക്ഷ നൽകുന്ന മുറയ്ക്ക് കണക്ഷൻ നൽകാവുന്നതാണ്. |
| പാലക്കാട് | പാലക്കാട് ജില്ലയിൽ ആലത്തൂർ ഡിവിഷന്റെ കീഴിൽ 31 വീടുകൾ വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കാത്തതിനാൽ വൈദ്യുതി നൽകാനായിട്ടില്ല.<br><br>ചിറ്റൂർ ഡിവിഷൻ കൊല്ലങ്കോട് ബ്ലോക്ക് പരിധിയിൽ മുതലമട I വില്ലേജിൽ പൂപ്പാറ ട്രൈബൽ നഗർ നിലവിൽ വൈദ്യുതീകരിച്ചിട്ടില്ല. ഇവിടെ 53 വീടുകളാണ് സ്ഥിതി ചെയ്യുന്നത്. | 31 വീടുകളിൽ ഉൾപ്പെട്ട മേമല പോത്തൻതോട് കോളനിയിലെ 27 വീടുകൾക്ക് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ "first stage approval" ലഭിച്ചു. എന്നാൽ 3 ലക്ഷം രൂപ, മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനുമായി അടച്ചാൽ മാത്രമേ ഫോറസ്റ്റ് "final stage approval" ലഭിക്കുകയുള്ളൂ. പ്രസ്തുത 27 വീടുകൾ വൈദ്യുതീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ, RDSS അഡീഷണൽ ഫണ്ടിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. അനുമതി 11.03.2025 ന് ലഭിച്ചിട്ടുണ്ട്.<br><br>നിലവിൽ തമിഴ്നാട്ടിലെ TANGEDCO ന്റെ ഉടമസ്ഥത യിലുള്ള 22 കെ.വി വൈദ്യുതി ശൃംഖല നഗറിലേക്ക് ദീർഘിപ്പിച്ചാൽ മാത്രമേ പൂപ്പാറ നഗറിലേക്ക് വൈദ്യുതി എത്തിക്കാൻ സാധിക്കുകയുള്ളൂ. ഇതിനായി 1.4 കി.മീ 22 കെ.വി ലൈൻ തമിഴ്നാട് പരിധിയിൽ സ്വകാര്യ ഉടമസ്ഥതയിലുള്ള സ്ഥലത്തുകൂടി നിർമ്മിച്ച് തുടർന്ന് 6.15 കി മീ 22 കെ.വി ഭൂഗർഭ കേബിൾ പറമ്പിക്കുളം ടൈഗർ റിസർവ് ഫോറസ്റ്റ് പരിധിയിൽ സ്ഥാപികേണ്ടതായിട്ടുണ്ട്. ഇതിനു ഫോറസ്റ്റ്, തമിഴ്നാട് സർക്കാർ, സ്വകാര്യ വ്യക്തികൾ എന്നിവ രുടെ അനുമതി ലഭ്യമായാൽ മാത്രമേ വൈദ്യുതി ശൃംഖല നഗർ വരെ ദീർഘിപ്പിക്കാൻ സാധ്യമാകുകയുള്ളൂ. ഈ പ്രവർത്തിക്കായി ഏകദേശം 12 കോടി രൂപ ചിലവ് വരുന്നതാണ്. പൂപ്പാറ നഗറിലെ ജനങ്ങളുടെ ആവശ്യത്തിനുതകുന്ന സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതാണ് സാങ്കേതികമായി കൂടുതൽ അഭികാമ്യം. |

| | | |
|---|---|---|
| വയനാട് | ചെട്ട്യാലത്തുർ പ്രദേശം - വനഭൂമിയിൽ ഉൾപ്പെടുന്നതും വനം വകുപ്പിന്റെ സ്വയം പുനരധിവാസ പദ്ധതിയിൽ ഉൾപ്പെട്ടതുമാകയാൽ വൈദ്യുതീകരിക്കാൻ സാധിച്ചിട്ടില്ല. വെള്ളക്കെട്ട് പണിയ, ചീപ്രം, വെള്ളക്കെട്ട്, കാട്ടുനായിക, പരപ്പൻ കാട്ടുനായ്ക്ക, കാജഗഡി കാട്ടുനായ്ക്ക, പുളിയാടി പണിയ, ചാടകപ്പുര പണിയ, പൂതാമൂല കാട്ടുനായ്ക്ക, കണിയാരം പണിയ, തെണ്ടങ്കര പണിയ, തെണ്ടങ്കര കാട്ടുനായ്ക്ക, അമ്പലടി കാട്ടുനായ്ക്ക, വീട്ടിപ്പുര കാട്ടുനായ്ക്ക, മണൽ വയൽ കാട്ടുനായ്ക്ക, കുറിച്ചിയാട് കാട്ടു നായ്ക്ക, കൊമ്മഞ്ചേരി കാട്ടുനായ്ക്ക കുറുമ, പങ്കളം കുറുമ, പങ്കളം എന്നീ 19 പട്ടിക നഗറുകളിൽ പട്ടിക വർഗ്ഗ വികസന വകുപ്പ് പുനരധിവാസം തീരുമാനിച്ചിരുന്നതിനാൽ കെ.എസ്.ഇ.ബി.എൽ-ന്റെ ഗ്രിഡ് വൈദ്യുതീകരണ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിരുന്നു | പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നും പ്രസ്തുത പ്രദേശങ്ങൾ വൈദ്യുതീകരിക്കണമെന്നുള്ള അപേക്ഷയോടൊപ്പം വനം വകുപ്പിൽ നിന്നുള്ള അനുമതി, പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ ആവശ്യമായ ഫണ്ട്, എന്നിവ ലഭിക്കുന്ന മുറയ്ക്ക് വൈദ്യുതീകരണം നടപ്പിലാക്കാവുന്നതാണ്. |
| കാസറഗോഡ് | പരപ്പ ബ്ലോക്ക് പഞ്ചായത്തിൽ കോടോം-ബേളൂർ - കള്ളാർ, പനത്തടി, ബളാൽ, തായന്നൂർ വില്ലേജുകളിലായി ഒറ്റപ്പെട്ട 193 വീടുകൾ വൈദ്യുതീകരിക്കാനുണ്ടെന്ന് SC/ST ഡിപ്പാർട്ട്മെന്റ് അറിയിക്കുകയും വൈദ്യുതീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി "Dharti Aaba Janjatiya Gram Utkarsh Abhiyan" (DAJGUA) ഉൾപ്പെടുത്തു-ന്നതിനു വേണ്ടി Ministry of Power (MoP) നു നൽകുകയും 11.03.2025-ന് MoP യുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട് . | ഇതിൽ ഭൂരിഭാഗം വീടുകളിലും വയറിംഗ് നടത്തിയിട്ടില്ല. വീടുകളുടെ വയറിംഗ് പൂർത്തീകരിച്ച് പട്ടിക വർഗ്ഗ വികസന വകുപ്പ് അപേക്ഷ നൽകുന്ന മുറയ്ക്ക് കെ എസ് ഇ ബി എൽ കണക്ഷൻ നൽകാവുന്നതാണ്. |

**PM-JUGA മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സോളാർ വൈദ്യുതീകരണം ലക്ഷ്യമിടുന്ന വിദൂര ആദിവാസി നഗറുകളുടെ പട്ടിക**

| Sl. No. | Name of District | Name of Panchayath | Name of Habitation | No. of Unelectrified Households |
|---|---|---|---|---|
| 1 | IDUKKI | Edamalakkudy | Ambalaparakudy | 12 |
| 2 | IDUKKI | Edamalakkudy | Iruppukalkudy | 38 |
| 3 | IDUKKI | Edamalakkudy | Kavakkattukudy | 29 |
| 4 | IDUKKI | Edamalakkudy | Keezhilayampaarakudy | 24 |
| 5 | IDUKKI | Edamalakkudy | Keezhpathamkudy | 33 |
| 6 | IDUKKI | Edamalakkudy | Kudalloorkudy | 23 |
| 7 | IDUKKI | Edamalakkudy | Meenkuthikudy | 48 |
| 8 | IDUKKI | Edamalakkudy | Melppathamkudy | 16 |
| 9 | IDUKKI | Edamalakkudy | Mulakutharakudy | 36 |
| 10 | IDUKKI | Edamalakkudy | Nelmanalkudy | 44 |
| 11 | IDUKKI | Edamalakkudy | Nooradikudy | 41 |
| 12 | IDUKKI | Edamalakkudy | Paarakudy | 13 |
| 13 | IDUKKI | Edamalakkudy | Parappayarkudy | 77 |
| 14 | IDUKKI | Edamalakkudy | Perumkadavukudy | 9 |
| 15 | IDUKKI | Edamalakkudy | Thenpaara | 6 |
| 16 | IDUKKI | Edamalakkudy | Vellavarakudy | 47 |
| 17 | IDUKKI | Edamalakkudy | Melvalayampaarakudi | 13 |
| 18 | IDUKKI | Marayoor | Mulakamutty | 21 |
| 19 | WAYANAD | Muttil | Govindanpara | 5 |
| 20 | ERNAKULAM | Kuttampuzha | Kottakuthu | 13 |
| 21 | ERNAKULAM | Kuttampuzha | Njandukalam | 17 |
| 22 | ERNAKULAM | Kuttampuzha | Uriyampetty | 89 |
| 23 | ERNAKULAM | Kuttampuzha | Variyam, manikudy | 43 |
| 24 | PALAKKAD | Muthalamada | Poopara | 53 |
| **Total** | | | | **750** |

**PM-JANMAN പദ്ധതിയിൽ ഉൾപ്പെടുത്തി സോളാർ വൈദ്യുതീകരണം ലക്ഷ്യമിടുന്ന വിദൂര ആദിവാസി നഗറുകളുടെ പട്ടിക**

| Sl. No. | Name of District | Name of Panchayath | Name of Habitation | No. of UE Households |
|---|---|---|---|---|
| 1 | PALAKKAD | Muthalamada | Thekkadi Allimoopan | 20 |
| 2 | PALAKKAD | Muthalamada | Thekkadi Allimoopan Akkare | 1 |
| 3 | PALAKKAD | Muthalamada | Kuriyakutti | 69 |
| 4 | MALAPPUIRAM | Karulai | Mancheeri | 8 |
| **Total** | | | | **98** |